# പ്രത്യേക വിചാരണ ട്രിബ്യൂണൽ എന്തിന്?

1. പ്ലാച്ചിമട കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലമുണ്ടായ പരിസ്ഥിതി നാശങ്ങളും ജലശോഷണവും അപ്രതീക്ഷിതമോ കമ്പനി മാനേജ്മെന്റിന്റെ അറിവില്ലായ്മ കൊണ്ട് സംഭവിച്ചതോ അല്ല. ലോകത്ത് നിരവധി സ്ഥലങ്ങളിൽ ഉല്പാദന കേന്ദ്രങ്ങളുള്ള കൊക്കക്കോള കമ്പനിക്ക് ഇത് തീർച്ചയായും മുൻകൂർ അറിയാനാകുമായിരുന്നു.

2. കാഡ്മിയം, ലെഡ് തുടങ്ങിയ മാരകമാലിന്യങ്ങൾ കൊക്കക്കോള പുറത്തുവിട്ട മലിനജലത്തിലും വളമെന്ന് തെറ്റിദ്ധരിപ്പിച്ച് വ്യാപകമായി വിതരണം ചെയ്ത ഖരമാലിന്യത്തിലും അടങ്ങിയിരുന്നതായി ലണ്ടനിലെ എക്സിറ്റർ യൂണിവേഴ്സിറ്റി ചെന്നൈ സ്വർഗ്ഗം ലാബ്സ്, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ്, കേരള മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പഠനങ്ങളിൽ തെളിയിക്കപ്പെട്ടു. പരിസരത്തെ കുടിവെള്ള സ്രോതസ്സുകൾ, കൃഷിയിടങ്ങൾ, ചിറ്റൂർ പുഴ, എന്നിവ മലിനമാക്കപ്പെട്ടു.

3. പ്രതിദിനം 25 ലക്ഷം ലിറ്റർ വരെ ജലം ഊറ്റിയെടുത്തിരുന്നതിനാൽ കാർഷിക മേഖലയിലും വ്യാപകമായ പ്രതിസന്ധി ഉണ്ടായി. ഭൂജല നിരപ്പ് ഗണ്യമായി താഴ്ന്നു.

4. ആരോഗ്യ പ്രശ്നങ്ങൾ, തൊഴിൽ നഷ്ടം, കാർഷിക നഷ്ടം, പരിസ്ഥിതി പുനഃസ്ഥാപനം, ദീർഘകാലത്തേക്കുള്ള കുടിവെള്ള വിതരണം തുടങ്ങിയവക്കുള്ള ചിലവുകൾ കൊക്കക്കോളയിൽ നിന്നും ഈടാക്കേണ്ടത് ന്യായയുക്തമായ നടപടിയാണ്.

5. ദലിതരും ആദിവാസികളും തിങ്ങിപ്പാർക്കുന്ന രണ്ട് കോളനികൾക്കിടയിൽ പലവിധ നിയമങ്ങളും ലംഘിച്ച് പ്രവർത്തിച്ച കോളക്കമ്പനിക്കെതിരെ ക്രിമിനൽ കുറ്റകൃത്യം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി കേസുകൾ എടുക്കേണ്ടിയിരുന്ന ഭരണകൂടങ്ങൾ കോർപറേറ്റ് വിധേയത്വത്തിന്റെയും സാമ്രാജ്യത്വദാസ്യത്തിന്റെയും പേരിൽ അത്തരം നടപടികളിൽ നിന്നും വിട്ടുനിന്നു.

6. പരിസ്ഥിതി നിയമങ്ങൾ ലംഘിച്ചതായി കണ്ടെത്തിയിട്ടും കൊക്കക്കോളക്കെതിരെ യാതൊരു നിയമ നടപടിയും ഉണ്ടായില്ല.

7. ഫാക്ടറി മാറ്റി സ്ഥാപിക്കുക, മാമ്പഴച്ചാർ ഫാക്ടറി യായി പരിവർത്തിപ്പിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചുകൊണ്ട് കോളയെ നിയമവിചാരണകളിൽ നിന്ന് രക്ഷിച്ചെടുത്താനുള്ള ശ്രമം രാഷ്ട്രീയ നേതൃത്വങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടായി.

2011 ഡിസംബർ 17ന് കൊക്കക്കോളയുടെ ആസ്തികൾ പിടിച്ചെടുത്തതായി പ്രഖ്യാപിച്ചുകൊണ്ട് 22 പേർ അറസ്റ്റു വരിച്ച് ജയിലിൽ പോവുകയും ജയിലിൽ നിരാഹാര സമരം ആരംഭിക്കുകയും ചെയ്തു. മദ്ധ്യസ്ഥ ശ്രമങ്ങളുടെ ഭാഗമായി പ്രശ്നത്തിൽ സർക്കാർ സത്വരമായി ഇടപെടുമെന്ന് ജലവിഭവവകുപ്പ് മന്ത്രി പി. ജെ. ജോസഫ് ഉറപ്പുനൽകി. പിന്നീട് പലവട്ടം മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ കണ്ട സമരസമിതി നേതാക്കളോട് ഡൽഹിയിലുള്ള കേരള സർക്കാർ ഉദ്യോഗസ്ഥർ മുഖേന കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ പൂർത്തിയാക്കേണ്ട നടപടികൾ വളരെ വേഗം പൂർത്തിയാക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി, എന്നാൽ കേന്ദ്ര ആഭ്യന്തര വകുപ്പ് സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ പറഞ്ഞത് കേരള സർക്കാരിലെ ഏതെങ്കിലും മന്ത്രിയോ, ഉദ്യോഗസ്ഥ പ്രതിനിധികളോ ഇക്കാര്യം തന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടില്ല എന്നാണ്.

---

ങ്ങൾ ഈ നാട്ടിലില്ല. പ്ലാച്ചിമടസമരം പരാജയപ്പെട്ടാൽ അത് ഇപ്പോൾ നടക്കുന്നതും ഇനി ഉയർന്നു വരാനുള്ളതുമായ എല്ലാ ജനകീയസമരങ്ങളെയും ദുർബ്ബലപ്പെടുത്തും.

ഞങ്ങൾ പ്ലാച്ചിമട ജനത എത്രയോ സമരരൂപങ്ങളാണ് കഴിഞ്ഞ പതിനൊന്നു വർഷത്തിനിടയിൽ സ്വീകരിച്ചിട്ടുള്ളത്. എല്ലാ സമരരൂപങ്ങളും തികച്ചും അഹിംസാത്മകങ്ങളായിരുന്നു എന്നതും ശ്രദ്ധിക്കേണ്ടതാണ്. സമരക്കാർ എത്രയോ പ്രാവശ്യം മർദ്ദനങ്ങളും അറസ്റ്റും കേസുകളും മറ്റും ഏറ്റുവാങ്ങി. എന്നാൽ ഒരിക്കൽപോലും സമരക്കാരുടെ ഭാഗത്ത് നിന്ന് ഒരു കല്ലോ വടിയോ പോലീസിന്റെ നേർക്കോ കോളാകമ്പനിയുടെ പ്രതിനിധികളുടെയോ കമ്പനിയുടെ വസ്തുവകകളുടെ നേരെയോ ഉയർന്നിട്ടില്ല. ഞങ്ങളിപ്പോൾ അക്രമരഹിതസമരമുറയുടെ നിർമ്മാണാത്മക തലം കൂടി വികസിപ്പിച്ചിരിക്കുകയാണ്. പ്ലാച്ചിമട സോപ്പ് സമരപ്രവർത്തകരുടെ മുൻകൈയിൽ ഉല്പ്പാദിപ്പിച്ച് തുടങ്ങിയിരിക്കുന്നു. പ്ലാച്ചിമട സോപ്പ്, ഒരു കുത്തക കമ്പനിമൂലം കുട്ടിച്ചോറായ ഒരു ജനതയുടെ ജീവിതം തിരികെ പിടിക്കാനുള്ള യത്നങ്ങളുടെ മാത്രമല്ല, മൂലധനശക്തികളുടെ ചൊൽപ്പടിയിൽ നിൽക്കുന്ന, മലിനീകരിക്കപ്പെട്ട രാഷ്ട്രീയവ്യവസ്ഥയെ കഴുകിവെടിപ്പാക്കാനുള്ള ജനകീയ ഇച്ഛയുടെ കൂടി പ്രതീകമാണ്. അക്രമരഹിത സമര പാതയിലെ ഈ നിർമ്മാണാത്മകത സ്വാതന്ത്ര സമരത്തിലൂടെ ഗാന്ധിജി ചൂണ്ടിക്കാണിച്ചതാണ്. ഞങ്ങൾ അന്തിമഘട്ടത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുകയാണ്. ഇനി പ്ലാച്ചിമട ജനത